**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4639** **29-06-2012 - ലെ മറുപടിയ്ക്ക്**

**അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന പഴം, പച്ചക്കറികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| (എ) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന പഴം, പച്ചക്കറികൾ എന്നിവയിൽ ശരീരത്തിന് ഹാനികരമാകും വിധത്തിൽ കീടനാശിനിയുടെ അംശങ്ങൾ ഉണ്ട് എന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇത് പരിശോധിച്ച് കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ആണ് സംസ്ഥാനത്ത് നിലവിലുള്ളത്; വിശദാംശം വ്യക്തമാക്കുമോ ; | (ബി) | കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ പൂർണ്ണ ധന സഹായത്തോടെ കേരളത്തിലെ വിവിധ ജില്ലകളിലെ വിപണികളിൽ നിന്ന് എല്ലാ മാസവും 92 സാമ്പിൾ വീതം ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ പരിശോധനാ ലബോറട്ടറിയിൽ ടെസ്റ്റ് ചെയ്ത് കേന്ദ്ര കൃഷി മന്ത്രാലയത്തിന് റിപ്പോർട്ട് നൽകി വരുന്നു. |
| (സി) | കീടനാശിനിയുടെ അംശം കൂടുതലായി കണ്ടെത്തുന്ന പച്ചക്കറികൾ അതിർത്തിയിൽ നിന്നുതന്നെ തിരിച്ചയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | (സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തുന്ന പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം അതിർത്തികളിൽ/ചെക്കുപോസ്റ്റുകളിൽ നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**